**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4191** **09-08-2021 - ൽ മറുപടിയ്ക്ക്**

**മാതൃഭാഷ പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ എം എസ് അരുൺ കുമാർ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പകുതിയോളം വിദ്യാർത്ഥികളുടെ അദ്ധ്യയന മാധ്യമം മാതൃഭാഷ അല്ലെന്ന പ്രശ്നം പരിഹരിക്കുവാൻ വേണ്ട ഇടപെടലുകൾ ഉണ്ടാകുമോ; | (എ) | അദ്ധ്യയന മാധ്യമം മാതൃഭാഷയിൽ നടത്തുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുന്നുണ്ട്. |
| (ബി) | മാതൃഭാഷയ്ക്കുള്ള പ്രാധാന്യം കണക്കിലെടുത്ത് ഇംഗ്ലീഷിന് പ്രാധാന്യം നൽകുന്നതോടൊപ്പം പ്രീ പ്രൈമറി, പ്രൈമറി തലത്തിലെങ്കിലും അദ്ധ്യയനം നിർബന്ധമായും മാതൃഭാഷയിലാക്കുന്ന കാര്യം പരിശോധിക്കുമോ; | (ബി) | എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ പ്രീ-സ്കൂൾ പാഠ്യപദ്ധതി സമീപനത്തിൽ അദ്ധ്യയന മാധ്യമം മാതൃഭാഷയിലായിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ പ്രൈമറിതലത്തിലും അദ്ധ്യയന മാധ്യമം മാതൃഭാഷയി ലായിരിക്കണമെന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. |
| (സി) | സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മാതൃഭാഷാ പഠനം നിർബന്ധമാക്കാൻ നിർദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ? | (സി) | 2017-ലെ മലയാളഭാഷ പഠന ആക്റ്റ് പ്രകാരം കേരള സംസ്ഥാനത്ത് പ്രീ-പ്രൈമറി തലം മുതൽ ഹയർ സെക്കന്ററിതലം വരെ മാതൃഭാഷയായ മലയാളപഠനം നിർബന്ധമാ ക്കിയിട്ടുണ്ട്. മലയാളഭാഷാ പഠന ചട്ടങ്ങൾ പ്രകാരം സംസ്ഥാനത്തെ സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സ്കൂളുകൾ ഉൾപ്പെടെ എല്ലാ സ്കൂളുകളിലും മലയാള ഭാഷാ പഠനം നടക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് സ്കൂൾ തല പരിശോധനകൾ നടത്താൻ വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ